# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടവല്ലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി6)1858/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടവല്ലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി6)1858/2022. തീയ്യതി: 29/12/2022

## തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 12-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) മീര.ടി., ഓഡിറ്റ് ഓഫീസർ

2) ഷൈനി കൃഷ്ണദാസ് , അസി.ഓഡിറ്റ് ഓഫീസർ

3) സ്വാലിഹ്. സി.പി., ഓഡിറ്റർ

4) ആതിര.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേന്ദ്രൻ പി.ഐ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഉല്ലാസ് കുമാർ കെ.എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോജ്ജു കെ.ജെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ദീപ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ. ജ്ജുവൽ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| സഹീറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-02-2022 |
| രശ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ-ഇൻ ചാർജ്ജ് | 17-02-2022 | 31-03-2022 |
| ഡോ. അഭിലാഷ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| നിഷ പി.പി | വി.ഇ.ഒ | 01-04-2021 | 07-10-2021 |
| ബിനി പി.എൽ | വി.ഇ.ഒ | 08-10-2021 | 31-03-2022 |
| സിനോജ് എ.വി | വി.ഇ.ഒ | 01-04-2021 | 07-10-2021 |
| ബിനി പി.എൽ | വി.ഇ.ഒ | 08-10-2021 | 11-10-2021 |
| ചിത്ര സി.കെ | വി.ഇ.ഒ | 12-10-2021 | 31-03-2022 |
| പ്രീത | വെറ്ററിനറി സർജൻ | 01-04-2021 | 25-02-2022 |
| എ. സി ഡേവിഡ് | വെറ്ററിനറി സർജൻ | 26-02-2022 | 31-03-2022 |
| ഡോ ഷമില | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഐശ്വര്യ മോഹനൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| മിനി തോമസ്സ് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-11 |
| 12 | വസ്തുനികുതി (റെസിഡെൻഷ്യൽ തൻവർഷം)-ഡി.സി.ബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-12 |
| 13 | വസ്തുനികുതി-നോൺറെസിഡൻഷ്യൽ(തൻവർഷം )-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-13 |
| 14 | വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-15 |
| 16 | വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-16 |
| 17 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-17 |
| 18 | വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-18 |
| 19 | മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 1-19 |
| 20 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | "280000000-Prior Period Item"-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല | 1-21 |
| 22 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല | 1-22 |
| 23 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ | 1-23 |

| | | |
|---|---|---|
| | ന്യൂനതകൾ ഉള്ളതിനാൽ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-24 |
| 25 | ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ | 1-25 |
| 26 | സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 27 | അഡ്വാൻസ്, ഡെപ്പോസിറ്റ്, ഇൻവെസ്റ്റ്മെന്റ്, സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-27 |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച വിഹിതം ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. | 1-28 |
| 29 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല. | 1-29 |
| 30 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-30 |
| 31 | വായ്പ രജിസ്റ്റർ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-31 |
| 32 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-32 |
| 33 | ബജറ്റ് അപാകങ്ങൾ | 1-33 |
| 34 | ഇന്ററപ്റ്റഡ് രസീതുകൾ ഡേ ബുക്കിൽ എൻട്രി വരുത്തിയില്ല | 1-34 |
| 35 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-35 |
| 36 | റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല. | 1-36 |
| 37 | മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല. | 1-37 |
| 38 | നികുതി ഇളവ് നല്കിയതിലെ അപാകങ്ങൾ. | 1-38 |
| 39 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയിയായിട്ടില്ല. | 1-39 |
| 40 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു- വരുമാന നഷ്ടം. | 1-40 |
| 41 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-41 |
| 42 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല. | 1-42 |
| 43 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-43 |
| 44 | തൊഴിൽ നികുതി-മറ്റു അപാകങ്ങൾ. | 1-44 |
| 45 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-അപാകങ്ങൾ. | 1-45 |
| 46 | മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല. | 1-46 |
| 47 | പെരുമ്പിലാവ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നു മുഴുവനായി ലഭ്യമായിട്ടില്ല. | 1-47 |
| 48 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധിക | 1-48 |

| | | |
|---|---|---|
| | തുക അനുവദിച്ചു. | |
| 49 | അനുപൂരക പോഷകാഹാരപരിപാടി - സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല. | 1-49 |
| 50 | എസ് സി വീട് വാസയോഗ്യമാക്കൽ - വനിത – അധിക തുക അനുവദിച്ചു. | 1-50 |
| 51 | പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-51 |
| 52 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾഹാജരാക്കിയിട്ടില്ല | 1-52 |
| 53 | പഠന മുറി പ്രോജക്ടിലെ അപാകതകൾ | 1-53 |
| 54 | എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- അപാകതകൾ | 1-54 |
| 55 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ-അപാകതകൾ | 1-55 |
| 56 | പെർഫോമൻസ് ഓഡിറ്റ് വർക്കിംഗ് ഫണ്ട്-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല | 1-56 |
| 57 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-57 |
| 58 | തെക്കത്ത് റോഡ് റീടാറിംഗ്,കാന നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-58 |
| 59 | കാന നിർമ്മാണം -കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾലഭ്യമായിട്ടില്ല | 1-59 |
| 60 | വടക്കേകോട്ടോൾ, പ്രിയദർശിനി അംഗൻവാടികളുടെ ചുറ്റുമതിൽ, ഷെഡ്ഡ്നിർമ്മാണം-2019-20 വർഷം കരാർ വെച്ചത് രണ്ടേ മുക്കാൽ വർഷത്തോളമായിട്ടും പൂർത്തീകരിച്ചിട്ടില്ല. | 1-60 |
| 61 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -കരാറുകാരന് അധിക തുക നൽകി | 1-61 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ് സി വീട് വാസയോഗ്യമാക്കൽ - വനിത – അധിക തുക അനുവദിച്ചു. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസാക്കിയ തിയതി | 19-02-2021 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 258827000 | 263390000 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 23-03-2022 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 288852000 | 308787600 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 22.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 26,794,643.89 |
| ഓഡിറ്റ് വർഷത്തെ വരവ് | 113,778,018 |
| ആകെ | 140,572,661.89 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 108,640,702.00 |
| നീക്കിയിരിപ്പ് | 31,931,959.89 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20921582 | 20921582 | 19799797 | 1121785 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12681000 | 12681000 | 12322755 | 358245 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17836000 | 17836000 | 10009868 | 7826132 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4858849 | 4858849 | 3913278 | 945571 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 16750315 | 16750315 | 7067067 | 9683248 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 187 | 143182184 | 61 | 53732027 | 61 | 65 | 32.62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 249129 | 249129 | 249129 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 38522290 | 38522290 | 38522290 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-10-2022 തീയതിയിൽ 3.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22873/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4086400 | 3097 |
| വിധവാ പെൻഷൻ | 26920400 | 20366 |
| വാർദ്ധക്യകാല പെൻഷൻ | 47321300 | 36274 |
| വികലാംഗപെൻഷൻ | 60042000 | 4514 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2564000 | 1953 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 2022 സെപ്റ്റംബർ 15,16,17 | 2022 ജൂൺ മുതൽ ജൂലൈ വരെ | 16/09/2022 |
| അക്കൗണ്ടന്റ് ജനറൽ | 30/03/2017 – 11/04/2017 | 2011-12 മുതൽ 2015-16 | 10/05/2017 |

| | | | |
|---|---|---|---|
| | | വരെ | |

## 1-11 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) (ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 വസ്തുനികുതി (റെസിഡെൻഷ്യൽ തൻവർഷം)-ഡി.സി.ബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 3519052 | 3519721 | 10973 | 2221 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3519052 | 3505858 | 14172 | 2222 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *2333x100/105= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഓഡിറ്റ് എൻക്വയറി 5/20.10.22,മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തുനികുതി-നോൺറെസിഡൻഷ്യൽ(തൻവർഷം )-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2905455 | 2906776 | 3199 | 4000 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2905455 | 2898347 | 0 | 4000 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (4200x100/105) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ക്രമീകരിച്ച മുൻകൂർ തുക,കളക്ഷൻ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 85539 | 53539 | 32000 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 85558 | 53539 | 32000 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് ( തൻവർഷം +കുടിശ്ശിക

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 180815 | 0 | 180815 | 169487 | 0 | 180176 | 843 | - | 112 | 0 | 112 |
| | നോൺ-റെസിഡൻഷ്യൽ | 146215 | 4297 | 150512 | 146156 | 2697 | 148853 | 173 | - | 200 | 1600 | 1800 |
| | ആകെ | | | 331327 | | | 329029 | 1451 | | 1912 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 332137 | | | 328576 | | | | 341198 | 1912 | | |
| | | 5107+327030 = (2020-21ലെ ബാലൻസ്ഷീറ്റ് | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt . Cess/levies...... | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2021-22) | | | ലെഡ്ജർ 2020-21) | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. മാത്രമല്ല തൻവർഷം+കുടിശ്ശിക= ആകെ കണക്കാക്കിയതിലും ഗണിത ക്രിയയിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്.

2. ഡിമാന്റ് , മുൻകൂർ ക്രമീകരിച്ചത് എന്നിവ വാർഷികകണക്കും ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 328576 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 329029 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല മറിച്ച് 341198 രൂപയാണ്. (വൗച്ചർ 42100142, 42100166, 42100209 തീ 31.3.22 (191676+2683+14+145924+901=341198)

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 40133 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 1911 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1912 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 54130 | 34190 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 11422 | 16819 |

(ഓഡിറ്റ് എൻക്വയറി 5.20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാകുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ

എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22വർഷത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ 430 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

A. തൊഴിൽ നികുതി ട്രേഡേഴ്സ് വാർഷിക കണക്ക് പ്രകാരം ഡിമാന്റ് 413950 രൂപയാണ്. എന്നാൽ രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി പ്രകാരം പ്രസ്തുത ഇനത്തിലെ ഡിമാൻഡ് 301940 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 145920 |
| 2 | ഡി&ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 137900 |

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി 31/3/2022 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2021-22-ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2022-ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 432100101-Accumulated Provision For Outstanding Property Tax | 32000 | 32000 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 "280000000-Prior Period Item"-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100104-Prior Period Income -Property Tax On Non-residential Buildings | (901) |
| 280100102-Prior Period Income -Profession Tax- Institutions/Professionals/Traders | (13120) |
| 280200401-Prior Period Income-Other Income | (34080) |
| 280800701-Prior Period-Misc Expenses | (35367) |

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

### 1-23 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5137316 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10712588 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

### 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരമുള്ള ആസ്തിമൂല്യം 109054789 രൂപയാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20.10.22 ന നൽകിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന 2022-23 സാമ്പത്തിക വർഷം പ്രോജക്ട് രൂപീകരിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-25 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

1. 2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 8759984 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

2. 31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assets. എന്ന ആസ്തികൾക്ക് 201560 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 746342 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 9 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നം. | ആസ്തി -ശീർഷകം | 31/3/2022-ലെ മൂല്യം |
|---|---|---|
| 1 | 410710199 -Movable Asset –Others | 1219599 |

(ഓഡിറ്റ് എൻക്വയറി 5/20.10.22 മറുപടി ലഭ്യമാക്കിയിട്ടില്ല.)

### 1-26 സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

### 1-27 അഡ്വാൻസ്, ഡെപ്പോസിറ്റ്, ഇൻവെസ്റ്റ്മെന്റ്, സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

### 1-28 സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച വിഹിതം ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി

പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാൻ 31/3/2022-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ 31/3/2022-ലെ നീക്കിയിരിപ്പ് തുകയും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തതിന്റെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1566000 | 450650109 | ട്രഷറി സ്പെ. ടി എസ് ബി 794 | 798384 |
| 2 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 503 | | | |
| 3. | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 730881 | | | |
| 4 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 989 | | | |

ബാലൻഷീറ്റ് B17 പട്ടിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കാൻ ബാക്കി 100000/- രൂപ മാത്രമാണ്.

(ഓഡിറ്റ് എൻക്വയറി 5/20.10.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-29 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450430102 | 11659 | 2543 |
| 2 | 450430103 | 10024 | 250 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20.10.22 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതാണെന്നും ക്രമ നമ്പർ 2 ലെ അക്കൗണ്ട് തുടങ്ങിയത് ഏതു ഫണ്ട് ഉപയോഗിച്ചാണ് എന്ന് മനസിലാവാത്തത് കൊണ്ടാണ് തത്തുല്യമായ ബാധ്യത ശീർഷകം ബാലൻസ് ഷീറ്റിൽ കാണിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ബി-17 പ്രകാരമുള്ള എല്ലാ പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

31/3/2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക '0' രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 4014565 രൂപയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/ 20.10.22 ന് നൽകിയ മറുപടിയിൽ ബാലൻസ് ഷീറ്റ് തയാറാക്കുന്ന സമയത്തു പ്രോജക്ടുകളെ പറ്റി കൃത്യമായ വിവരം ഇല്ലാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-31 വായ്പ രജിസ്റ്റർ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

വായ്പ രജിസ്റ്റർ പ്രാകാരം വായ്പ ഇനത്തിൽ 2021-22 വർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുക പലിശ സഹിതം 7129684 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത് 6760000 രൂപയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20.10.22 ന നൽകിയ മറുപടിയിൽ ബാങ്കിൽ നിന്നും ആദ്യം ലഭിച്ച പത്രികയിൽ മുതൽ മാത്രമാണ് ഉൾപ്പെട്ടിരുന്നതെന്നും ആയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും പലിശ കൂടി ഉൾപ്പെടുത്തി ബാലൻസ് ഷീറ്റ് ക്രമീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-32 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റ് - വാർഷികകണക്ക് പ്രകാരമുള്ള വരവ്-ചെലവ് 2374700 രൂപയും എന്നാൽ അപ്രോപ്രിയേഷൻ പ്രകാരം ഇത് 7067067 രൂപയുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/ 20.10.22 ന നൽകിയ മറുപടിയിൽ ACR പ്രകാരമുള്ള 5 ബില്ലുകൾ വെബ്സൈറ്റ് സ്ലോ ആയതിനാൽ 2021-22 ൽ മാറാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും പ്രസ്തുത ബില്ലുകൾ 2022-23 ൽ മാറിയിട്ടുള്ളതാണെന്നും ഈ ബില്ലുകൾ 2021-22 ൽ വെബ് സാംഖ്യയിൽ ക്യാൻസൽ ചെയ്യാൻ വിട്ടു പോയത് കൊണ്ടാണ് ഇപ്രകാരം വ്യത്യാസം വന്നതെന്നും അറിയിച്ചിട്ടുണ്ട്. അതായത് പ്രസ്തുത തുകകൾ 2021-22 ,2022-23 എന്നീ 2 സാമ്പത്തിക വർഷങ്ങളിലെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപെട്ടിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ 183/ 22 ന വേണ്ടി സി.എഫ്.സി ഗ്രാന്റിൽ നിന്നും ചെലവഴിച്ച 2172429/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ബജറ്റ് അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിന് കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | ശീർഷകം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 250100201 | Agriculture And Related Sectors - Other Crops | 400000 | 439562 |
| 2 | 250103301 | Animal Husbandry - Buffallo | 0 | 197500(195000+2500) |
| 3 | 250103401&250103402 | Animal Husbandry -Calf | 300000 | 413500(280000+133500) |
| 4 | 251101101 | Continuing Education | 0 | 47850 |

| | | | | |
|---|---|---|---|---|
| | | And Non-formal Education | | |
| 5 | 251101302 | Education-Related Activities | 200000 | 643581 |
| 6 | 251200201 | Public Health Programs | 2500000 | 2658721 |
| 7 | 251200301 | Health Related Special Programs | 500000 | 502772 |
| 8 | 251202401 | Epidemic Control | 50000 | 262200 |
| 9 | 251300101&251300102 | Housing | 20000000 | 24177342(15585342+8592000) |
| 10 | 251300601 | Programs For Physically/ Mentally Challenged | 2250000 | 3703391 |
| 11 | 251300701 | Welfare Programs For The Destitute | 0 | 80000 |
| 12 | 251300901&25130010 | Women's Welfare Programs | 0 | 33900(18400+15500) |
| 13 | 25130101 | Special Programs For Scheduled Castes | 200000 | 400000 |
| 14 | 251301501 | Housing & House Electrification - Loan Repayment | 0 | 953806 |
| 15 | 252200401 | Culverts And Causeways | 0 | 3473328 |
| 16 | 255201101 | Maintenance Projects - Non Road Assets-Transferred Institutions - General Education | 300000 | 707676 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/ 1.10.22 ന മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഇന്ററപ്റ്റഡ് രസീതുകൾ ഡേ ബുക്കിൽ എൻട്രി വരുത്തിയില്ല

14.03.2022, 15.03.2022 എന്നീ തീയതികളിൽ കമ്പ്യൂട്ടർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ അന്നേ ദിവസം പിരിച്ചെടുത്ത തുക ഡേ ബുക്കിൽ എൻട്രി വരുത്താതെ തന്നെ ബാങ്കിൽ അടച്ചതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്കിലും എൻട്രി വരുത്തിയിട്ടുണ്ട്. എന്നാൽ പിന്നീട് ഈ തുക അതത് രസീതുകൾ പ്രകാരം ഡേ ബുക്കിൽ എൻട്രി വരുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പിന്നീടുള്ള ദിവസങ്ങളിൽ എൻട്രി വരുത്തിയില്ല.

| തീയതി | ഡേ ബുക്ക് പ്രകാരമുള്ള തുക | ബാങ്കിൽ അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| 14.03.2022 | 58298 | 110699 | 52401 |
| 15.03.2022 | 50734 | 63818 | 13084 |

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.3/19.10.2022 ന് മറുപടി ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയും അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-35 വസ്തു നികുതി ഡിമാന്റ് ചെയ്യിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്യിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 6/67 | ജയകൃഷ്ണൻ | പാർപ്പിടം | 84.55 |
| 2 | 7/403 A | ഇബ്രാഹിം ഭാര്യാ കുഞ്ഞു മോൾ | പാർപ്പിടം | 77.16 |
| 3 | 9/434 | സുബ്രഹ്മണ്യൻ | പാർപ്പിടം | 65.67 |
| 4 | 9/234 | ബീരാൻ | പാർപ്പിടം | 64.38 |
| 5 | 9/117 | ഇബ്രാഹിം | പാർപ്പിടം | 176.38 |
| 6 | 11/268 | ചന്ദ്രൻ | പാർപ്പിടം | 70 |
| 7 | 12/52 | അരവിന്ദാക്ഷൻ | പാർപ്പിടം | 74.3 |
| 8 | 13/48 | ഹമീദ് | പാർപ്പിടം | 66 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/21.10.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | റസീറ്റ് നമ്പർ/തീയതി | തുക | കളക്ഷൻ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 14/583 B | ബീമ W/O അബൂബക്കർ പതിയംതറ | 121010109038 / 5.3.22 | 628 | 2021 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. |

| | | | | | | |
|---|---|---|---|---|---|---|
| | | ഹൗസ്, പെരുമ്പിലാവ് | | | | 2021-22 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത |
| 2 | 14/405 A | രഘു, കോളനിയിൽ, പെരുമ്പിലാവ് | 121010109334 / 10.3.22 | 415 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല.2021-22 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 3 | 15 /309 C | ഫൗസിയ വി.കെ., പാലിയതാഴത്ത് ഹൗസ്, ചെന്നിത്തറ | 121010109835 / 18.3.22 | 390 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല.എന്നാൽ 2022-23 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2022-23 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 4 | 16/642 | സുരേഷ്കുമാർ, നെടിയേടത്ത് | 121010110187 / 21.03.2022 | 98 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല.എന്നാൽ 2022-23 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2022-23 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 5 | 12/317 | മുഹമ്മദ്മുസ്ലിയാർ. അബ്ദുള്ള, കരുവാട്ടുപറമ്പിൽ വീട്, ആൽത്തറ | 121010110322 / 23.03.2022 | 95 | 2021 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. 2021-22 വർഷത്തെ വസ്തു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 6 | 5/162 | ഉണ്ണിമായ. അന്തർജ്ജനം. ശ്രീധരൻ നമ്പൂതിരി, കണിശത്ത് വീട്, കൊരട്ടിക്കര | 121010110790 / 30.3.22 | 35 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല.എന്നാൽ 2022-23 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2022-23 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| | ആകെ | | | 1661 | | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/21.10.2022)മറുപടി ലഭ്യമാക്കിയില്ല. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു.റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി നാളിതു വരെ പിരിച്ചെടുത്തിട്ടില്ല.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വാർഷിക വസ്തു നികുതി | നാളിതു വരെ പിരിച്ചെടുക്കാനുള്ള വസ്തു നികുതി |
|---|---|---|---|
| 15/ 767 A | റിലൈൻസ് ഇൻഫോ കോം ലിമിറ്റഡ് | 4200 | 42000 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/121.10.2022) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറിന്റെ വസ്തു നികുതി സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 നികുതി ഇളവ് നല്കിയതിലെ അപാകങ്ങൾ.

കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയിനത്തിൽ ഇളവ് നൽകിയതിൽ വിവിധ അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന കെട്ടിടങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 12/52 | അരവിന്ദാക്ഷൻ, കോഴിത്തറ | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ | 74.3 $M^2$ |
| 2 | 18/ 162 | നബീസ, വലിയവളപ്പിൽ, | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ | 115 $M^2$ |

2. സഞ്ചയ പ്രകാരം പ്രഭു ചോഴികുന്നത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള 115 ച:മീ വിസ്തീർണമുള്ള 18/274 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല.

3. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയയിലെ ഇളവ് |
|---|---|---|---|---|
| 1 | 12/193 | മൊയ്തീൻ കുട്ടി ഹാജി, കുറ്റിയിൽ ഹൗസ് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | ജി.ഒ(എം.എസ്).144/15 /തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 (2013 ഒന്നാം അർദ്ധ വർഷം മുതൽ 2018 രണ്ടാം അർദ്ധ വർഷം വരെ |
| 2 | 12/291 | മൊയ്തീൻ മുസ്ലിയാർ, കറപ്പം വീട്ടിൽ | പാർപ്പിടം | വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207 (1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ ((2018 ഒന്നാം അർദ്ധ വർഷം മുതൽ ) |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/21.10.2022)മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നികുതി ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിക്കേണ്ടതും അനർഹമായി ഇളവ് നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-39 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല.സഞ്ചയ പ്രകാരം 9

സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 1/33 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |
| | 3/72 A | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |
| | 9/81 A | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |
| | 20/48 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |
| | 4/379 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങിയിട്ടില്ല |
| | 4/380 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങിയിട്ടില്ല |
| | 4/381 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങിയിട്ടില്ല |
| | 7/322 | വെരിഫിക്കേഷന് അയച്ചു |
| | 2/199 | വെരിഫിക്കേഷൻ കഴിഞ്ഞു, അപ്പ്രൂവലിനു അയച്ചിട്ടുണ്ട്. |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/21.10.2022)മറുപടി ലഭ്യമാക്കിയില്ല. ഡാറ്റ പ്യൂരിഫിക്കേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു- വരുമാന നഷ്ടം.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 200 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 80/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 50/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 17/ 555 E | അബ്ദുൾസലീം,ഉമ്മർ,ഹുസൈൻ,മുഹമ്മദുണ്ണി | സൂപ്പർ മാർക്കറ്റ് | 226.29 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച .മീ) രൂപ | 50 | 80 |
| അടിസ്ഥാന വസ്തു നികുതി രൂപ | 11314.5 | 18103.2 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | | |
| (എ.) മേഖല (തുക) | 1131.45 | 1810.32 |
| (ബി.) വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി.) മേൽക്കൂര (തുക) | ഇല്ല | ഇല്ല |
| (ഡി.) കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല |
| (ഇ.) ആകെ ഇളവ്(%) | 10 % | 10 % |
| (എഫ്.) ആകെ ഇളവ്(തുക) | 1131.45 | 1810.32 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | | |

| | | |
|---|---|---|
| (എ.) വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (ബി.) തറ നിർമിതി (തുക) | ഇല്ല | ഇല്ല |
| (സി.) എയർ കണ്ടിഷനിംഗ് (തുക) | ഇല്ല | ഇല്ല |
| (ഡി.) ആകെ വർദ്ധനവ് (%) | 0 % | 0 % |
| (ഇ.) ആകെ വർദ്ധനവ് (തുക) | 0 | 0 |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 10184 | 16293 |
| ലൈബ്രറി സെസ്സ് (തുക) | 510 | 815 |
| ആകെ (തുക) | 10694 | 17108 |
| പ്രതിവർഷം കുറവായി ഡിമാൻഡ് ചെയ്ത തുക | 6414 | |
| നാളിതു വരെ കുറവായി ഡിമാൻഡ് ചെയ്ത തുക | 51312 | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/21.10.2022)മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട് (ഖ-1-16-2). ഓഡിറ്റ് റിപ്പോർട്ടിൽ ആവർത്തിച്ച് പരാമർശിച്ചിട്ടും നടപടി എടുക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നാളിതു വരെ കുറവായി ഡിമാൻഡ് ചെയ്ത നികുതി പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം./അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 3/390 A | മുഹമ്മദ്, അണ്ടിയത്തു | C3-3863/21 26.4.21 | 1.4.2021-30.9.2021 |
| 2 | 3/480 A,B,C,D | മുഹമ്മദ്, മാനംകണ്ടത്തു | 7266/21 6.10.21 | 1.4.2021-30.9.2021 |
| 3 | 5/331 A,B | മുഹമ്മദ് നൗഷാദ്, കോമത്തു ഹൗസ് | 3552/2021 13.4.21 | 1.4.2021-30.9.2021 |
| 4 | 14/622 H,I,J,K,N,S,T,U,V,W,X | ഷാനവാസ്, പള്ളിമഞ്ഞയിൽ | 3591/2021 15.4.21 | 1.4.2021-30.9.2021 |
| 5 | 14/623 E | ഡോ.ഷരീഫ ബീഗം, കാളത്തു പറമ്പിൽ | B1-3763/21 21.4.21 | 1.4.2021-30.9.2021 |
| 6 | 15/823,823 A,B,827,828 | അമ്മദ്, കാളിയത്ത് | 3544/2021 13.4.21 | 1.4.2021-30.9.2021 |

| | | | | |
|---|---|---|---|---|
| | | ഹൗസ് | | |
| 7 | 15/823,823 A,B,827,828 | അമ്മദ്, കാളിയത്ത് ഹൌസ് | 7138/2021 4.10.21 | 1.10.21-31.3.22 |
| 8 | 15/692 A,B,C,D,E,F,G,H,I,J,K,L,M,N,O,P | ഫായസ്, പാടത്തു പീടികയിൽ | C5-4030/21 25.5.21 | 1.4.2021-30.9.2021 |
| 9 | 16/281 C,D,E,F,G,H,I,J,KL,L,V,W,Y,Z | ഷാജി മുതൽപേർ, കുഞ്ഞനക്കാട്ടിൽ ഹൌസ് | C1-7298/2021 7.10.21 | 1.10.21-31.3.22 |
| 10 | 16/335 C,D,E.F.G,H,J,M,N,O,P,Q,R,S,T,U,V,W | റാഷിദ്, കുറ്റിയിൽ | C1-7678/2021 22.10.21 | 1.10.21-31.3.22 |
| 11 | 19/345 A | ആശാരി ഉണ്ണികൃഷ്ണൻ | 3622/21 16.4.21 | 1.4.2021-30.9.2021 |
| 12 | 19/345 A | ആശാരി ഉണ്ണികൃഷ്ണൻ | 7674/2021 22.10.21 | 1.10.21-31.3.22 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/21.10.2022)മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ നികുതി ഇളവ് അനുവദിക്കുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-42 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | രതി പി നായർ (സ്റ്റാഫ് നഴ്സ്) | എഫ്.എച്. സി പെരുമ്പിലാവ് | ഒന്നാം അർദ്ധവർഷം | 102000 | 1000 | 750 | 250 |
| 2 | അന്ന ജോസഫ് (സ്റ്റാഫ് നഴ്സ്) | എഫ്.എച്. സി പെരുമ്പിലാവ് | ഒന്നാം അർദ്ധവർഷം | 102000 | 1000 | 750 | 250 |
| 3 | സന്ധ്യ എം കെ (ഫാർമസിസ്റ്റ്) | എഫ്.എച്. സി പെരുമ്പിലാവ് | ഒന്നാം അർദ്ധവർഷം | 102000 | 1000 | 750 | 250 |
| 4 | റുഫീന (ഫാർമസിസ്റ്റ്) | എഫ്.എച്. സി പെരുമ്പിലാവ് | ഒന്നാം അർദ്ധവർഷം | 102000 | 1000 | 750 | 250 |
| 5 | ആതിര ബാബു (ലാബ് ടെക്നിഷ്യൻ) | എഫ്.എച്. സി പെരുമ്പിലാവ് | ഒന്നാം അർദ്ധവർഷം | 102000 | 1000 | 750 | 250 |
| 6 | പി പി പ്രീത (സ്വീപ്പർ) | കടവല്ലൂർ ദേവസ്വം | രണ്ടാം അർദ്ധവർഷം | 83556 | 750 | 600 | 150 |
| 7 | ഇഫ്രാത് റഈസ | അൻസാർ വിമെൻസ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (ലെക്ച്ചറർ) | കോളേജ്, പെരുമ്പിലാവ് | | | | | |
| 8 | ഗ്രീഷ്മ എം എസ് (ലെക്ച്ചറർ) | അൻസാർ വിമെൻസ് കോളേജ്, പെരുമ്പിലാവ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 9 | അമൃത പി എ (ലെക്ച്ചറർ) | അൻസാർ വിമെൻസ് കോളേജ്, പെരുമ്പിലാവ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 10 | മെഫി വിൽസൺ (ലെക്ച്ചറർ) | അൻസാർ വിമെൻസ് കോളേജ്, പെരുമ്പിലാവ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 11 | കമറുന്നിസ്സ പി കെ (ലെക്ച്ചറർ) | അൻസാർ വിമെൻസ് കോളേജ്, പെരുമ്പിലാവ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 12 | പ്രിയ മോൾ ടി സി (ലെക്ച്ചറർ) | അൻസാർ വിമെൻസ് കോളേജ്, പെരുമ്പിലാവ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 13 | ആതിര ഒ (ലെക്ച്ചറർ) | അൻസാർ വിമെൻസ് കോളേജ്, പെരുമ്പിലാവ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| | ആകെ | | | | | | 2450 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 16/22.10.2022) മറുപടി മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

## 1-43 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്, പെരുമ്പിലാവ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | കടവല്ലൂർ സർവീസ് സഹകരണ ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 3 | കേരള സംസ്ഥാന സഹകരണ ബാങ്ക്, പെരുമ്പിലാവ് ബ്രാഞ്ച് | ഒന്നാം അർദ്ധവർഷം |
| 4 | കാനോൻ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ഹൈറേഞ്ച് ഫുഡ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 7 | റോയൽ ബിൽഡേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | കൈരളി ബിൽഡേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | അശ്വമേധം കുറീസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | പോപ്പുലർ ഗ്രാനൈറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | ന്യൂ തൃശ്ശൂർ കമ്പനി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | സൗത്ത് ഇന്ത്യൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 13 | ഫെഡറൽ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 14 | കൊശമറ്റം ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 15 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 16 | ഐ.സി.എൽ ഫിൻകോർപ്പ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 17 | റിലൈൻസ് എസ്.എം.എസ്.എൽ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 18 | എച്.ഡി.എഫ്.സി ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 19 | കെ.ആർ.ഇൻ | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/22.10.2022) മറുപടി മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 തൊഴിൽ നികുതി-മറ്റു അപാകങ്ങൾ.

തൊഴിൽ നികുതി സംബന്ധിച്ചുള്ള മറ്റു പാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ (5 എണ്ണം), റേഷൻ കടകൾ (11 എണ്ണം), ഓഡിറ്റോറിയം (7 എണ്ണം) എന്നിവയിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

3. 2021-22 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/22.10.2022) മറുപടി മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപങ്ങളിൽ/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-അപാകങ്ങൾ.

പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | കാർത്ത്യായനി | 31.1.2022 | 107210600508 | ആക്ടീവ് |
| 2 | രാമൻ നായർ കെ | 11.2.2022 | 107210202466 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ഖാദർ ബാപ്പുട്ടി | 2220310716 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 19.12.2021 | 7/2022 17.1.2022 | ആക്ടീവ് | 1/22 – 8/22 | 1600 | 12800 | 12800 |
| 2 | മുഹമ്മദ് വി പി | 107210202039 | വാർദ്ധക്യകാല പെൻഷൻ | 1.1.2022 | 24/2022 1.2.2022 | സസ്പെൻഡ് | 2/22 – 6/22 | 1600 | 8000 | 8000 |
| 3 | രാവുണ്ണി നായർ | 2220310536 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 25.1.2022 | 29/2022 2.2.2022 | സസ്പെൻഡ് | 2/22 – 6/22 | 1600 | 8000 | 8000 |
| 4 | കാർത്ത്യായനി | 107210600508 | വിധവ പെൻഷൻ | 31.1.2022 | 32/2022 5.2.2022 | ആക്ടീവ് | 2/22 – 8/22 | 1600 | 11200 | 11200 |
| 5 | കമലാക്ഷി അമ്മ | 2220310743 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 31.1.2022 | 40/2022 15.2.2022 | ആക്ടീവ് | 2/22 – 4/22 | 1600 | 4800 | 4800 |
| 6 | രാമൻ നായർ കെ* | 107210202466 | വാർദ്ധക്യ കാല പെൻഷൻ | 11.2.2022 | 53/2022 4.3.2022 | ആക്ടീവ് | 3/22 – 8/22 | 600* | 3600 | 3600 |

* ക്രമ നമ്പർ 6 ലെ ശ്രീ. രാമൻ നായർ കെ* എന്നവർക്ക് കേരള സ്റ്റേറ്റ് ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്നുണ്ട്. (പെൻഷൻ ഐഡി : 2190001806). പ്രസ്തുത ഐ.ഡി യും നിലവിൽ ആക്ടീവ് ആണ്.

3. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ ചീരു കെ ജി (പെൻഷൻ ഐഡി: 107210100454) അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്. മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ പറഞ്ഞ അപാകങ്ങൾക്കും മരണപ്പെട്ട ശേഷവും പെൻഷൻ ഐഡി സേവനയിൽ നിന്ന് നീക്കം ചെയ്യാത്തതിനും മരണ വിവരം ബന്ധപ്പെട്ട ബോർഡുകളെ അറിയിക്കാതിരുന്നതിനുമുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/ 21.10.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും അനർഹമായി നൽകിയ 46800/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-46 മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ (കാരുണ്യ ഫാർമസി) പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം./ചെക്ക് നം./വൗച്ചർ നം. | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 95/22 വയോജനങ്ങൾക്ക് ജീവിതശൈലി രോഗ നിയന്ത്രണം | PRF 4867/18.1.22 | 58/21-22/ 7.2.22 (Vr.22101054/ 29.1.22) | 175000 | 35017 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| 2 | 86/22 പെരുമ്പിലാവ് പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ | PRF 258/17.5.21 | 35/21-22/ 30.6.21 (Vr.22100903/ 16.6.21) | 262632 | 250945 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| | | PRF 3916/8.12.21 | 52/21-22/ 7.1.22 (Vr.2222101019/ 31.12.21) | 526772 | 157427 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| 3 | 91/22 പരിരക്ഷ- | PRF 4300 / 21.12.21 | 55/21-22/ 7.1.22 | 566870 | 310324 രൂപയുടെ |

| | | | | | |
|---|---|---|---|---|---|
| | | | Vr.22101027/ 6.1.22 | | മരുന്ന് ലഭ്യമായിട്ടുണ്ട് |
| | | PRF 4294 / 21.12.21 | 62/21-22/ 7.3.22 Vr.22101289/ 2.3.22 | 100000 | 46374 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| | സാന്ത്വന പരിചരണം | PRF 4302 / 21.12.21 | 5088757/ 7.3.22 Vr.22101139/ 8.3.22 | 47991 | 24391 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| | | PRF 5296 / 29.1.22 | 660752/ 30.3.22 Vr.22101239/ 31.3.22 | 65795 | നാളിതു വരെ ഒരു മരുന്നും ലഭ്യമായിട്ടില്ല |
| | | PRF 6294 / 26.2.22 | 660752/ 30.3.22 Vr.22101240/ 31.3.22 | 103477 | നാളിതു വരെ ഒരു മരുന്നും ലഭ്യമായിട്ടില്ല |

ബാക്കിയുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ കാരുണ്യ ഫാർമസിക്ക് കത്ത് നൽകിയതായി ഓഡിറ്റ് എൻക്വയറി നമ്പർ 8/20.10.22 നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-47 പെരുമ്പിലാവ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ - മരുന്ന മുഴുവനായി ലഭ്യമായിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ : 42/ 22
പ്രോജക്ട് പേര് : പെരുമ്പിലാവ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ : 250000 (മെയ്ന്റനൻസ് ഗ്രാന്റ് -റോഡിതരം)
ചെലവ് : 250000
ബിൽ നമ്പർ : 1/21-22 / 8.10.2021
വൗച്ചർ നമ്പർ : 22100973/ 1.10.2021

പെരുമ്പിലാവ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് മേൽ ബിൽ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 188034/- രൂപയുടെ (ഇൻവോയ്സ് നം. LF 2694/12.3.22 , LF 471/2.8.22) മരുന്നുകൾ മാത്രമാണ് ലഭ്യമായത്. നല്കിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധിക തുക അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോ. നം . 92/22

l ബിൽ നം 1)- 4/21-22/25.8.21 തുക 284700

2) 11/21-22/21.1.22 – 350000

പദ്ധതി പ്രകാരം ഉമാദത്തൻ എന്ന ഗുണഭോക്താവിന് മേൽ ബില്ലുകൾ പ്രകാരം 19400 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ യാത്രാബത്ത ഇനത്തിൽ 1000 രൂപ വീതം 10 മാസത്തേയ്ക്ക് 10000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6(എ) (7) പ്രകാരം സ്കൂളിൽ പോകുന്ന മാസങ്ങളിൽ അനുവദിക്കാവുന്ന യാത്രാബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) 400 രൂപ നിരക്കിലാണെന്നിരിക്കെ അധികമായി 6000 രൂപ അനുവദിച്ചു കാണുന്നു.

II.ബിൽ നം 1) 4/21-22/25.8.21 തുക 284700

2) 6/21-22/25.8.21 – 400000

ശാരീരിക വെല്ലുവിളി നേരിടുന്ന അഭീന്ദ്രദേവ് എന്ന പ്രീപ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയ്ക്ക് സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദിക്കാവുന്നത് പ്രതിമാസം 400 രൂപയും വാർഷിക ബത്ത 500 രൂപയുമാണ് ആയത് പ്രകാരം 4500 രൂപ ബിൽ നം 4 പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ വീണ്ടും ബിൽ നം. 6 പ്രകാരം 4300 രൂപ അനുവദിച്ചത് അധികമാണ്.

അധികമായി മേൽ പ്രകാരം അനുവദിച്ച തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം വരും വർഷങ്ങളിൽ അനുവദിക്കുന്ന തുകകളിൽ നിന്നും ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി -4/20.10.22)

## 1-49 അനുപൂരക പോഷകാഹാരപരിപാടി - സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോ. നം . - 55/22

ബിൽ നം - 7/21-22/25.8.21 – 300000

ജീവൻ പ്ലസ്സ് അമൃതം ഫുഡ് സപ്ലിമെന്റിൽ നിന്നും ഇൻവോയ്സ് നം - 311/29.7.21പ്രകാരം 410 Kg ബാലാമൃതം വാങ്ങിയതിന് മേൽ ബില്ല് പ്രകാരം 32288 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 320kgമാത്രമാണ് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി കാണുന്നത്.

ചെക്ക് നം - 4877302/25.11.21 – 794636 (Central Share)

സപ്ലൈക്കോ വഴി ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തിയതിന് മേൽ ചെക്കിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. സപ്ലൈക്കോയുടെ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത സാധനങ്ങൾക്ക് തന്നെയാണ് തുക അനുവദിച്ചിരിക്കുന്നത് എന്നാൽ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിരിക്കുന്നത് ഇൻവോയ്സ് പ്രകാരമുള്ള അളവിലല്ല എന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സപ്ലൈക്കോ ഇൻവോയ്സ് നം | ഇനം | ഇൻവോയ്സ് പ്രകാരമുള്ള അളവ് (Kg) | സ്റ്റോക്കിലെടുത്ത അളവ് |
|---|---|---|---|
| 0802125/21438 /29.9.21 | ഗോതമ്പ് | 2430 | 2620 |
| | പായസപരിപ്പ് | 228 | 230 |
| 0802125/21526 /29.9.21 | ഉണക്കലരി | 2300 | 2350 |
| ലും | ശർക്കര | 998 | 1070 |
| 0802125/21569 /21.10.21 | ചെറുപയർ | 580 | 595 |
| | ഉഴുന്ന് | 275 | 281 |
| | വെളിച്ചെണ്ണ | 282 | 251 |

മേൽ അപാകതകൾ ചൂണ്ടി കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (4/20.10.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-50 എസ് സി വീട് വാസയോഗ്യമാക്കൽ - വനിത – അധിക തുക അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പ്രോജക്ട് നം - 179/22

ബിൽ നം. - 3/21-11/1.7.21 തുക 120000

11/21-22/25.9.21 – 105000

മേൽ പദ്ധതിയിലെ ഗുണഭോക്താവായ ഷീല, വാറേരിയിൽ ഹൗസ്, പെരുമ്പിലാവ് എന്നവർക്ക് ബിൽ നം. 3 പ്രകാരം 40000 രൂപയും ബിൽ നം. 11 പ്രകാരം 35000 രൂപയും ഉൾപ്പെടെ ആകെ 75000 രൂപ അനുവദിച്ചിട്ടുണ്ട്. ടിയാരി ലഭ്യമാക്കിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 76680 രൂപയുടേതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി മൂല്യം 60600 രൂപയാണ് വാല്യുവേഷൻ പ്രകാരമുള്ള തുകയെ അനുവദിക്കാവൂ എന്നിരിക്കെ 14400 രൂപ അധികം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/21.10.22) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികം അനുവദിച്ച തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

സ്വച്ഛ് ഭാരത് മിഷൻ - പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.7.18 ന് 334/ഡി.സി1/18/ത.സ്വ.ഭ.വ ആയി തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സർക്കുലറിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുകകൾ താഴെപ്പറയും പ്രകാരം ഉപയോഗിക്കാം എന്നും പറയുന്നു.

1. ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഗാർഹിക കക്കൂസ് നിർമ്മാണം

2.റിട്രോഫിറ്റിംഗ്

3.കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്

4. സ്കൂൾ ടോയ് ലറ്റ് നിർമ്മാണം

5.അംഗൻവാടി ടോയ് ലറ്റ് നിർമ്മാണം

6.കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ

2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച ടോയ് ലറ്റ് പുനരുദ്ധാരണം ( പദ്ധതി നം 182/22) പൂർണ്ണമായോ ഭാഗികമായോ തകർന്ന ഗാർഹിക ശൗച്യാലയങ്ങളുടെ അറ്റകുറ്റപണി (പദ്ധതി നം 176/22) എന്നീ രണ്ട് പദ്ധതികൾക്കായി യഥാക്രമം 500000/-, 306390/-രൂപ കേന്ദ്രവിഹിതം വകയിരുത്തിയതിൽ 90000 (500000 രൂപയിൽ) രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ തുക സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്ത വരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (17/22.10.22)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1. ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ

2. ലഭ്യമായ തുകയിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു. ആയതിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചു.

3. പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന മുഴുവൻ പ്രവൃത്തികൾ ഉൾപ്പെടുന്ന പഞ്ചായത്ത് തലകർമ്മ പദ്ധതി തയ്യാറാക്കി ജില്ല ശുചിത്വ സമിതിയുടെ അംഗീകാരം വാങ്ങണം. തുടർന്ന് പ്രോജക്ടുകൾ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരംം ലഭ്യമാക്കുകയും യഥാവിധി സാങ്കേതികാനുമതികളും വാങ്ങിയാണ് നിർവ്വഹണം നടത്തേണ്ടതെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

4.ചെലവഴിച്ചതുക സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം ജില്ലാ ശുചിത്വമിഷൻ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

മേൽ വിഷയങ്ങളിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-52 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾഹാജരാക്കിയിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് 2021-22വർഷത്തിൽ 22100152/ 19 .5.201നമ്പർ വൗച്ചർ പ്രകാരം100000 രൂപ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 22/22.10.22)

## 1-53 പഠന മുറി പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 119/22-എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി-SO |
| ഫണ്ട് | വികസന ഫണ്ട്-എസ്.സി.പി |
| അടങ്കൽ | 764968/- |
| ചെലവ് | 643581/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |
| ട്രഷറി ബിൽ നമ്പർ | 1. 4/22.1.2022-43581/-<br>(ഇ വൗച്ചർ നമ്പർ-22101044/21.01.2022)<br>2. 9/30.03.2022-600000/-<br>(ഇ വൗച്ചർ നമ്പർ-22101351/30.03.2022) |

മേൽ പ്രോജക്ട് പ്രകാരം 7 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കൾക്ക് പഠന മുറി പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ മുൻപ് ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല. ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടില്ല. ആയതിനാൽ ഒരേ ഗുണഭോക്താവ് തന്നെ സമാന സ്വഭാവമുള്ള മറ്റ് പദ്ധതിയിൽ നിന്നും ആനുകൂല്യം കൈപ്പറ്റാനുള്ള സാഹചര്യം നിലനിൽക്കുന്നു.

2) ക്രമ നമ്പർ 2 ലെ ബില്ല് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മുൻകൂറായി ഒരു ലക്ഷം രൂപ വീതം ആകെ ആറ് ലക്ഷം രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.

1. അജൽ പി.എം, പാതാക്കര വീട്
2. നിവേദ്യ കെ.എ, കുന്നത്ത് പറമ്പിൽ വീട്
3. കൃഷ്ണ കെ.എസ്, കുറുപ്പത്ത് വീട്
4. ലക്ഷ്മി എൻ.കെ, നെടുമ്പയിൽ വീട്
5. കൃഷ്ണ രഞ്ജിത്ത് എം.ജെ,മേലേപുരയ്ക്കൽ വീട്
6. വൈഷ്ണവി ഏ.വി, അരിടായത്ത് വീട്

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക നമ്പർ 7.2.17 പ്രകാരം പഠന മുറി നിർമ്മിക്കുന്നതിന് മുൻകൂറായി അനുവദിക്കാവുന്ന തുക 50000 രൂപയാണ്.സ.ഉ (സാധാ)നം.221/2020/ത.സ്വ.ഭ.വ തീയതി 28.01.2020 പ്രകാരം ശേഷിക്കുന്ന തുക 75000 രൂപയുടെ രണ്ട് ഗഡുക്കളായാണ് അനുവദിക്കേണ്ടത്. ആദ്യ ഗഡു 50000 രൂപ നൽകി, വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ മാത്രം രണ്ടാം ഗഡു 75000 രൂപ നൽകേണ്ടതും പഠന മുറി പൂർത്തിയാക്കി വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75000 രൂപ അർഹതപ്പെട്ടവർക്ക് നൽകാവുന്നതാണ്.എന്നാൽ മുൻകൂറായി 100000/- രൂപ വീതം ആറ് ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട്.

3) അജൽ പി.എം, പാതാക്കര വീട് എന്ന വിദ്യാർത്ഥിയുടെ പഠന മുറി നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അപേക്ഷയിൽ ചേർത്തിട്ടുള്ള പ്രൊപ്പോസ്ഡ് ബിൽഡിംഗ് പ്ലാനിൽ പഠന മുറി ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലായാണ് പഠന മുറി നിർമ്മിക്കുന്നതെന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഠന മുറി, അതിലേക്കുള്ള സ്റ്റെയർ എന്നിവ പ്ലാനിൽ ചേർത്തിട്ടില്ല.

4) സ.ഉ(സാധാ)നം.2636/2018/ത.സ്വ.ഭ.വ തീയതി 15.10.2018 പ്രകാരം നിർമ്മിക്കുന്ന പഠന മുറിയുടെ പരമാവധി വിസ്തീർണ്ണം 120 ചതുരശ്ര അടിയായി (11.52 ച. മീ.) നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾ ലഭ്യമാക്കിയ പ്രൊപ്പോസ്ഡ് ബിൽഡിംഗ് പ്ലാനുകൾ ഈ ചട്ടം പാലിക്കുന്നില്ല.

| വിദ്യാർത്ഥിയുടെ പേര് | കെട്ടിട നമ്പർ | പ്രൊപ്പോസ്ഡ് ബിൽഡിംഗ് പ്ലാൻ പ്രകാരം പഠന മുറിയുടെ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) |
|---|---|---|
| നിവേദ്യ കെ.എ, കുന്നത്ത് പറമ്പിൽ വീട് | 6/125 | 21.52 |

| | | |
|---|---|---|
| വൈഷ്ണവി ഏ.വി, അരിടായത്ത് വീട് | 4/96A | 15.88 |

5) ആദ്യ ഗഡു അനുവദിച്ചതിനു ശേഷമുള്ള പഠന മുറികളുടെ നിർമ്മാണ പുരോഗതിയെ സംബന്ധിക്കുന്ന വിവരങ്ങളൊന്നും ഫയലിൽ നിന്നും ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 13/10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും പഠനമുറിയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുമാണ്. സബ്സിഡി മാർഗ്ഗരേഖ കൃത്യമായി പാലിച്ച് കൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 84/22-എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| ഫണ്ട് | വികസന ഫണ്ട്-എസ്.സി.പി |
| അടങ്കൽ | 210000/- |
| ചെലവ് | 210000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |
| ട്രഷറി ബിൽ നമ്പർ | 1. 7/30.03.2022-20000/-<br>(ഇ വൗച്ചർ നമ്പർ-22101339/27.03.2022)<br>2. 6/24.03.2022-45000/-<br>(ഇ-വൗച്ചർ നമ്പർ-22101312/23.03.2022)<br>3.2/22.01.2022-145000/-<br>(ഇ-വൗച്ചർ നമ്പർ-22101047/21.01.2022) |

2021-22 വർഷത്തിൽ 9 ഗുണഭോക്താക്കൾക്കാണ് സ്കോളർഷിപ്പ് നൽകിയത്.

1) സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ടവർക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്കോളർഷിപ്പ് നൽകിയ 9 പേരും ഇപ്രകാരം ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ധനസഹായം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക നം.7.2.5 പ്രകാരം വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്കോളർഷിപ്പ് കൈപ്പറ്റിയവരുടെ പേരുൾപ്പെടുത്തിയ ലിസ്റ്റ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 7/20.10.2022 ന് മറുപടി ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-55 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 121/22-എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ -SO |
| ഫണ്ട് | വികസന ഫണ്ട്-എസ്.സി.പി |
| അടങ്കൽ | 400000/- |
| ചെലവ് | 400000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ | 1. 3/22.1.2022-100000/-<br>(ഇ-വൗച്ചർ നമ്പർ-22101045/21.01.2022)<br>2. 5/24.03.2022-300000/-<br>(ഇ-വൗച്ചർ നമ്പർ-22101313/23.03.2022) |

ആർട്ട്ക്കോയിൽ നിന്നും 24.03.2021 ലെ KKD 643 നമ്പർ ഇൻവോയിസ് പ്രകാരം 80 മേശയും കസേരയും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ ഗുണനിലവാരം പർച്ചേസ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. ഇതേ സംബന്ധിക്കുന്ന രേഖപ്പെടുത്തൽ ഒന്നും പർച്ചേസ് കമ്മിറ്റി മിനിറ്റിൽ ഇല്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/2018 /ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ടവർക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്കോളർഷിപ്പ് നൽകിയ 9 പേരും ഇപ്രകാരം ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ധനസഹായം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 15/21.10.2022 ന് മറുപടി ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-56 പെർഫോമൻസ് ഓഡിറ്റ് വർക്കിംഗ് ഫണ്ട്-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

08.06.2015 ലെ സ.ഉ. (എം.എസ്) നം. 188/15/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് കൂടുതൽ നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്കായി യൂണിറ്റിന് കീഴിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളും വർഷം തോറും 10,000 രൂപാ വീതം നീക്കി വെയ്ക്കണം എന്നും പ്രസ്തുത തുക പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ ആവശ്യത്തിനായി ആരംഭിക്കുന്ന ദേശസാൽകൃത ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണെന്നും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിരുന്നു.

ഈ തുക സ്റ്റോർ പർച്ചേയ്സ് മാനവൽ നിബന്ധനകൾ അനുസരിച്ച് കമ്പ്യൂട്ടർ, ഫർണീച്ചർ, ഓഫീസ് സ്റ്റേഷനറി, ഇന്റർനെറ്റ് സംവിധാനം, പ്രതിമാസ നെറ്റ്ചാർജ്ജ് എന്നിവയ്ക്കായി ചെലവ് ചെയ്യാവുന്നതാണ്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്പഞ്ചായത്തുകൾക്ക് നൽകാനും ഉത്തരവിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

16.02.18 ലെ സ.ഉ(സാധാ)നം. 475/18/തസ്വഭവ പ്രകാരം അക്കൗണ്ടന്റ് കം ഐ.ടി എക്സ്പേർട്ട്മാരുടെ സേവനത്തിനുള്ള വിഹിതമായി 20000 രൂപ അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമ പഞ്ചായത്ത് 2021-22ൽ, വൗച്ചർ നം. 22100415/16.09.21 പ്രകാരം 30,000 രൂപ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് കൈമാറിയിട്ടുണ്ട്. ഈ തുകകൾക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ നൽകിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 22/22.10.22)

## 1-57 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ട് | വൗച്ചർ നം.<br>തിയതി<br>തുക | റിമാർക്സ് |
|---|---|---|---|
| 1 | 2/22<br>ഐ.കെ.എം<br>വിഹിതം<br>നൽകൽ | 22100909/29-6-21,<br>110000, (വികസനഫണ്ട്<br>ജനറൽ) | ഐ.കെ.എം-ന്<br>നൽകിയത് |
| 2 | 19/22 ക്യാൻ<br>തൃശ്ശൂർ | 22101033/13-1-22<br>(വികസന ഫണ്ട്<br>ജനറൽ) | തൃശ്ശൂർ ജില്ലാ<br>പഞ്ചായത്തിന്<br>നൽകിയത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/22.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-58 തെക്കത്ത് റോഡ് റീടാറിംഗ്,കാന നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് – 53/22 തെക്കത്ത് റോഡ് റീടാറിംഗ്, കാന നിർമ്മാണം

ഫണ്ട് – മെയിന്റൻസ് ഗ്രാന്റ്(നോൺറോഡ്)

എസ്റ്റിമേറ്റ് – 300000

ഭരണാനുമതി - 1(1)/19-2-2021

സാങ്കേതികാനുമതി – 21277/21-22/11-8-21

കരാറുകാരൻ – വിഷ്ണു.എം.വി.

പിഎസി – 10% Above Estimate

എഗ്രിമെന്റ് – 15/AE/LID&EW/KDR/21-22/dt-21-12-21

ചെലവ് – 22101065/7-2-22, 2,21528

എം ബുക്ക് – 4/20-21

പൂർത്തീകരിക്കേണ്ടത് – 27-6-22

കരാർ പ്രകാരം തെക്കത്ത് റോഡ് റീടാറിംഗ്, കാന നിർമ്മാണം എന്നപ്രവൃത്തി 27-6-22 ൽ പൂർത്തീകരിക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ 5-7-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർക്കു നൽകിയ കത്തിൽ റീടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതായും,സ്ഥലവുമായി ബന്ധപ്പെട്ട് അതിർത്തി തർക്കമുള്ളതിനാൽ കലുങ്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ 6-7-22ൽ കത്തു മുഖേന ഇക്കാര്യം സെക്രട്ടറിയെ അറിയിച്ചതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു. (No.AE53/KDVR/21-22dt 6-7-22 സ്ഥലം അളന്നു തിട്ടപ്പെടുത്തി തരുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും, പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ അറിയിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി-19/22-10-22)

## 1-59 കാന നിർമ്മാണം -കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

1.പ്രോജക്റ്റ്-56/22റോയൽ പ്ലാസ മുതൽ പാടം വരെ കാനനിർമ്മാണം

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

എസ്റ്റിമേറ്റ് – 300000

കരാറുകാരൻ – ബിനേഷ്.എ.ബി.

എം ബുക്ക് – 10/21

ചെലവ് – വൗച്ചർ, തുക – 22101295/14-3-22, 2,991,91

മേൽ പ്രവൃത്തിയുടെ Item 1(ഡാറ്റ ഇനം 3.5.1) പ്രകാരം കാന നിർമ്മാണത്തിനായി കുഴിച്ചെടുത്ത 68m3 മണ്ണിന്റെ (എം ബുക്ക് പേജ് 2,12,14 ) വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 18/22-10-22)

2.അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മന്നം നഗർ സ്കൂൾമുതൽ കോട്ടോൾ റോഡ് വരെ റീടാറിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ,വിവിധ മരാമത്ത് പ്രവൃത്തികൾക്കായി മണ്ണ് എടുത്തതിൽ, കുഴിച്ചെടുത്ത മണ്ണ് സൈറ്റിൽ കൂട്ടിയിട്ടത് തുടർ നടപടികൾക്കായിഅസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്കു കൈമാറിയതായി കാണുന്നു. (21-8-22 ലെകത്ത്, Nil Number) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)മന്നം നഗർ സ്കൂൾമുതൽ കോട്ടോൾ റോഡ് വരെ റീടാറിംഗ്, കാന നിർമ്മാണം (പ്രോജക്ട് 135/22), കടവല്ലൂർ കോട്ടോൾ റോഡ് കാന നിർമ്മാണം (പ്രോജക്ട് 64/22/) -155.77 M3 മണ്ണ്

(ബി) പൂങ്കാവനം റോഡ് റീടാറിംഗ്, കാന നിർമ്മാണം (പ്രോജക്ട് 46/22)

113.13m3 മണ്ണ് ആകെ – 268.90 M3

എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി-18/22/10/22)

## 1-60 വടക്കേകോട്ടോൾ, പ്രിയദർശിനി അംഗൻവാടികളുടെ ചുറ്റുമതിൽ, ഷെഡ്ഡ്നിർമ്മാണം-2019-20 വർഷം കരാർ വെച്ചത് രണ്ടേ മുക്കാൽ വർഷത്തോളമായിട്ടും പൂർത്തീകരിച്ചിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് – 43/20,171/22

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

ഭരണാനുമതി – 1(2)/27-6-19

സാങ്കേതികാനുമതി – 61785/19-20/21-9-19

എസ്റ്റിമേറ്റ് – 400000

ഭരണ സമിതി തീരുമാനം – 4(1)/28-10-19

എഗ്രിമെന്റ് – 67/AE/LSGD/KDR/19-20/30-1/20

പൂർത്തീകരിക്കേണ്ടത് – 29-7-20

PAC – 400000

ചെലവ് – 22101346/29-3-22 ,185169

എം.ബുക്ക് – 69/19-20

കരാറുകാരൻ – പി.എൻ.വിജയൻ

വടക്കേകോട്ടോൾ, പ്രിയദർശിനി അംഗൻ വാടികളുടെചുറ്റുമതിൽ, ഷെഡ്ഡ് നിർമ്മാണം എന്നിവപൂർത്തിയാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 20/22-10-22) പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാറുകാരന് തുക അനുവദിക്കുമ്പോൾ 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2112 അനുസരിച്ച് പരമാവധി പിഴയായ 3/- തുക 12000/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-61 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -കരാറുകാരന് അധിക തുക നൽകി

പ്രോജക്റ്റ്-തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -28/21,113/22(സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ -1000000

ചെലവ് -973800

ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിക്കായി സമർപ്പിച്ച ടെണ്ടറുകളിൽ നിന്ന് കുറഞ്ഞ നിരക്ക് (935510) ക്വാട്ട് ചെയ്ത റിയാസ് എന്ന കരാറുകാരന് ഭരണ സമിതിയുടെ 20-2-21 1(1) തീരുമാന പ്രകാരം പ്രവൃത്തി ഏൽപ്പിച്ചു. പദ്ധതി 21-22 വർഷത്തിൽ സ്പിൽഓവർ ആയി തുടർന്നു. കരാറുകാരന് 21-22 വർഷത്തിൽ കരാർ നിരക്കിനേക്കാൾ കൂടുതൽ തുക ചുവടെ ചേർക്കുന്ന പ്രകാരം നൽകിയിട്ടുണ്ട്.

ട്രഷറി ബിൽ , തുക ഇ-വൗച്ചർ

1.18/10-11-21 -556700 22100991/3-11-21

2.23/17-1-22-328220 22101034/13-1-22

3.33/24-3-22 -88880 22101315/23-3-22

ആകെ-973800

AMCപ്രകാരം അനുവദിക്കേണ്ടത്-935510

അധികം 38290(973800 -935510)

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, (ഓഡിറ്റ് എൻക്വയറി 2/17-10-22)അധികമായി

നൽകിയ തുക (38290) കരാറുകാരൻ പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും,(Receipt No-1220103757-20-10-22) ആയത് ROP യായി ട്രഷറിയിൽ അടവാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.തുക കൺസോളിഡേറ്റഡ് ഫണ്ടിൽഅടവാക്കി, രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ് സി വീട് വാസയോഗ്യമാക്കൽ - വനിത – അധിക തുക അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

പ്രോജക്ട് നം - 179/22

ബിൽ നം - 3/21-11/1.7.21 തുക 120000

11/21-22/25.9.21 – 105000

മേൽ പദ്ധതിയിലെ ഗുണഭോക്താവായ ഷീല, വാറേരിയിൽ ഹൗസ്, പെരുമ്പിലാവ് എന്നവർക്ക് ബിൽ നം. 3പ്രകാരം 40000രൂപയും ബിൽ നം 11 പ്രകാരം 35000 രൂപയും ഉൾപ്പെടെ ആകെ 75000 രൂപ അനുവദിച്ചിട്ടുണ്ട്. ടിയാരി ലഭ്യമാക്കിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 76680 രൂപയുടേതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി മൂല്യം 60600രൂപയാണ് വാല്യുവേഷൻ പ്രകാരമുള്ള തുകയെ അനുവദിക്കാവൂ എന്നിരിക്കെ 14400 രൂപ അധികം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/21.10.22) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികം അനുവദിച്ച തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 628600 | സമഗ്ര നെൽ കൃഷി വികസനം | 628600 | 0 |
| | 2021-22 | 150000 | പരിരക്ഷ സാന്ത്വന പരിചരണം | 150000 | 0 |
| | 2021-22 | 1400000 | ലൈഫ് ഭവന പദ്ധതി - ജനറല് | 1400000 | 0 |
| | 2021-22 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 2021-2022 | 160000 | അനുപൂരക പോഷകാഹാര പരിപാടി | 160000 | 0 |
| | | 2738600 | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് (ഒബി.1675365) | 2021-2022 | 600000 | ലൈഫ് ഭവനപദ്ധതി | 600000 | 0 |
| | 2021-2022 | 450000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 450000 | 0 |
| | 2021-2022 | 488000 | ലൈഫ് ഭവനപദ്ധതി | 488000 | 0 |
| | 2021-2022 | 160000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 160000 | 0 |
| | 2021-2022 | 2322342 | ലൈഫ് ഭവനപദ്ധതി ജനറല് | 2322342 | 0 |
| | 2021-2022 | 615000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 615000 | 0 |
| | 2021-2022 | 300000 | അനുപൂരക പോഷകാഹാര പരിപാടി | 300000 | 0 |
| | | 4935342 | | | |
| | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB<br>KWA | കടവല്ലൂര് ഗ്രാമപഞ്ചായത്തിലെ വിവിധ വാര്ഡുകളില് സ്ട്രീറ്റ് മെയിന് വലിക്കല്<br>അക്കിക്കാവ് വാട്ടര് ടാങ്കിന് പിന്വശം പൈപ്പ് ദീര്ഘിപ്പിക്കല് | | 1669700<br>180000 | 1669700<br>120050 | 0<br>0 (ബാക്കി വന്ന 59950/- രൂപ കേരള വാട്ടര് അതോറിറ്റി തിരിച്ച് അടവാക്കിയിട്ടുണ്ട്) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | സ.ഉ.എം.എസ്.83/13 തസ്വഭവ തീയതി 11/03/2013 | 20000000 | 8240000 | 2000000 | 953806 | 6760000 |

വിശദാംശങ്ങൾ ഖ 1-31 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5051000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 5051000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5051000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | 1) Investment- Co Operative Institutions<br>2) Investments -FD | 5100 രസീതി നമ്പർ 084/5.2001<br>37758/01 /07/2019<br>5,000,000/- |
| | | ആകെ | 5005100/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 10(2) | 2004-05 | 7.1 | പദ്ധതികൾ ഉപേക്ഷിച്ചു | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2.1 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2.6 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2017-18 | 3-21 | 2018-19 | 6 | നായാടി വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113,778,018 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108,640,702.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി). പഞ്ചായത്ത് ഫണ്ടിനണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14400 | സിനോജ്. എ.വി, വി.ഇ.ഒ ഗ്രേഡ് 1, കടവല്ലൂർ സർക്കിൾ |
| ആകെ | 14400 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-52 | 100000 | ഉല്ലാസ് കുമാർ കെ.എ, സെക്രട്ടറി, കടവല്ലൂർ ഗ്രാമ പഞ്ചായത്ത് |
| ആകെ | 100000 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിനോജ്. എ.വി, വി.ഇ.ഒ | ലഭിച്ചിട്ടില്ല | സിനോജ്.എ.വി, അഴിക്കോട്ടിൽ ഹൗസ്, മരത്തൻകോട് പി.ഒ, വെള്ളിത്തുരുത്തി, 680604 |
| ഉല്ലാസ് കുമാർ കെ.എ, സെക്രട്ടറി, കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | ഉല്ലാസ് കുമാർ കെ.എ, സെക്രട്ടറി, കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | ഉല്ലാസ് കുമാർ കെ.എ, അച്യുതാലയം ഹൗസ്, വൈസേരി ബസാർ, കുന്നംകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1999-2000 | LFT.10-923/03 | 12 | 1, 2, 3, 4, 5, 6, 7, | |

| | | | | | |
|---|---|---|---|---|---|
| | | Dt.3.9.03 | | 8, 9, 10, 11, 12 | |
| 2 | 2000-01 & 2001-02 ജനകീയാസൂത്രണം | LFT.10-1545/03 Dt.5.5.09/ 5.07.04 | 2 | 8, 10(2) | 10(2) (CAR 2004-05) |
| 3 | 1998-99 ചെലവ് | LFT.10-762/01 Dt.27.8.01 | - | - | റിപ്പോർട്ട് ലഭ്യമല്ല |
| 4 | 2000-01 | LFT.10-173/08 Dt.1.1.09 | 2 | 3-2 3-6 | |
| 5 | 2001-02 | LFT.10-174/08 Dt.4.8.09/ 4.12.09 | 2 | 3-2 3-5 | |
| 6 | 2002-03 | LFT.10-1050/08 Dt.31.08.09/ 5.12.09 | 7 | 3-1(1,2) 3-2 3-5 3-6 3-9 3-10 3-11 | |
| 7 | 2003-04 | LFT.10-1051/18 Dt.31.8.09/ 5.12.09 | 4 | 3-4 3-6, 3-7 3-8 | |
| 8 | 2004-05 | LFT.10-245/09 Dt.14.6.10/ 13.06.10 | 11 | 3-1 3-2, 3-3 3-6, 3-7 3-9, 3-10 3-12 3-13 3-14 | |
| | | | | 3-15 | |
| 9 | 2005-06 | LFT.10-1372/09 Dt.6.8.10/ 3.10.11 | 11 | 2-1, 2-2, 2-3, 2-4, 2-5 3-3 3-5 | |
| | | | | 3-6(1,2) | CAR |
| | | | | 3-7 3-8 3-11 | |
| 10 | 2006-07 | LFT.10-1373/09 Dt.11.8.10 | 12 | 3-1 3-4(a,b) | |

| | | | | | |
|---|---|---|---|---|---|
| | | /13.10.11 | | 3-7,3-8,3-9 | CAR |
| | | | | 3-10<br>3-11<br>3-12<br>3-13<br>3-14<br>3-15<br>3-18 | |
| 11 | 2007-08 | LFT(P2)-164/12<br>Dt.5.6.12/<br>5.7.12 | 5 | 2-1, 3-1,<br>3-3, 3-6 | |
| 12 | 2008-09 | LFT(P2)-165/12<br>Dt.5.6.12/<br>5.7.12 | 3 | 3-2, 3-3, 3-4 | |
| 13 | 2009-10 | LFT(P2)-166/12<br>Dt.5.6.12/<br>5.7.12 | 1 | 2-1 | |
| 14 | 2010-11 | LFT(P2)-2237/12<br>Dt.14.2.13/<br>9.5.13 | 11 | 2-9,<br>3-2(1,2),<br>3-3(4),<br>3-4, 3-5,<br>3-6, 3-7,<br>3-8, 3-10,<br>3-12, 3-15 | |
| 15 | 2011-12 | LFT(P6)-1975/13<br>Dt.17.03.2014/<br>9.07.2014 | 4 | 2-2, 2-3,<br>3-4, 3-1 | |
| 16 | 2012-13 | LFT(P9)-1450/14<br>Dt.12.1.15/<br>6.5.15 | 17 | 2-4, 2-6,<br>3-2, 3-3,<br>3-4, 3-8,<br>3-9, 3-10,<br>3-11, 3-12,<br>3-13, 3-14,<br>3-15, 3-16,<br>3-17, 3-18,<br>3-19 | |
| 17 | 2013-14 | KSATSR(P9)-941/15<br>Dt.20.10.15/<br>11.11.15 | 3 | 2-3, 3-1,<br>3-8 | |

| | | | | | |
|---|---|---|---|---|---|
| 17 | 2014-15 | KSATSR(P9)-123/16 Dt.16.6.2016 | 7 | 2-1,2-3, 3-2,3-4, 3-7,3-11, 3-13 | 2-1 (CAR 2016-17) |
| 19 | 2015-16 | KSATSR(P9)-1855/16 Dt.8.11.16/ 5.12.16 | 5 | 2-4, 2-6, 3-1, 3-2, 3-3 | 2-6 (CAR 2016-17) |
| 20 | 2016-17 | KSATSR(P6)-1524/17 Dt.29.11.17/ 30.12.17 | 12 | 2-6, 3-1, 3-3, 3-4, 3-9, 3-10, 3-11, 3-14, 3-15, 3-16, 3-17, 3-18 | |
| 21 | 2017-18 | KSATSR(P6)- 24/2019 Dt.3.4.19 | 26 | 1-10, 1-12, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-14, 3-18, 3-20, 3-21, 3-22, 3-23, 3-25, 3-26, 3-27, 3-28 | 3-21 (CAR 2018-19) |
| 22 | 2018-19 | KSATSR(P6)- 1494/2019 Dt.16-12-2019/06-3-2020 | 33 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 4-2, 4-3, 4-5 | |
| 23 | 2019-20 | KSATSR(P6)- 1339/2021 Dt.22-03-2022 | 30 | 1-11, 1-12, 1-13, 1-14 1-15, 1-16, 1-17, 1-18 1-19, 1-20, 1-21, 1-22 | |

| | | | | | |
|---|---|---|---|---|---|
| | | | | 1-23, 1-24, 1-25, 1-26<br>1-27, 1-28, 1-29, 1-30<br>1-31, 1-32, 1-33, 1-34<br>1-35, 1-36, 1-37, 1-38<br>1-39, 1-40, 1-41 | |
| 24 | 2020-21 | KSATSR(P6)-1340/2021 Dt.22-03-2022 | 37 | 1-11, 1-12, 1-13, 1-14,<br>1-15, 1-16, 1-17, 1-18,<br>1-19, 1-20, 1-21,<br>1-22, 1-23, 1-24, 1-25,<br>1-26, 1-27, 1-28, 1-29,<br>1-30, 1-32, 1-33, 1-34,<br>1-35, 1-36, 1-37, 1-38,<br>1-39, 1-40, 1-41, 1-42,<br>1-43, 1-44, 1-45, 1-46 | |
| | ആകെ | | 257 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്